# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ -**1368**

**13.07.2016**-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## പാമോലിൻ, ടൈറ്റാനിയം കേസുകൾ

**ചോദ്യം**

**ശ്രീ.കെ.ബാബു**

(എ) പാമോലിൻ, ടൈറ്റാനിയം കേസുകളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ ;

(ബി) ഈ കേസുകളിൽ ആരെല്ലാമാണ് പ്രതികളെന്ന് വിശദമാക്കുമോ ?

**മറുപടി**

**ശ്രീ.പിണറായി വിജയൻ**
മുഖ്യമന്ത്രി

(എ) & (ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡിലെ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്ലാന്റ് അഴിമതി സംബന്ധിച്ച് ശ്രീ.സുനിൽ, തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി.845/2006 പ്രകാരം വിജിലൻസ് അന്വേഷണം നടത്തി താഴെപ്പറയുന്ന വ്യക്തികൾക്കെതിരായി വി.സി.01/2015/എസ്.ഐ. യു.1 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് താഴെപ്പറയുന്നവർക്കെതിരെ അന്വേഷണം നടന്ന് വരുന്നു.

1. മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്.
2. ശ്രീ.ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്.
3. ശ്രീ.സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്.
4. ശ്രീ.എ.എം.ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്.

5. ശ്രീ.തോമസ് മാത്യു,
   മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ.
   ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്
   ലിമിറ്റഡ്.
6. ശ്രീ.ബി.ഗോപകുമാരൻ നായർ,
   മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ.
   ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്
   ലിമിറ്റഡ്.

ഇതിനു പുറമെ ശ്രീ.ജയൻ, മണക്കാട് തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി.802/2011 പ്രകാരം മേൽ പരാമർശിച്ച വ്യക്തികൾക്ക് പുറമേ താഴെ പ്പറയുന്നവരെക്കൂടി അന്വേഷണത്തിൽ ഉൾപ്പെടുത്താൻ കോടതി നിർദ്ദേശം നൽകി.

1. ശ്രീ.ഉമ്മൻചാണ്ടി,
   മുൻ മുഖ്യമന്ത്രി.
2. ശ്രീ.റ്റി.ബാലകൃഷ്ണൻ,
   മുൻ പ്രിൻസിപ്പൽ സെക്രട്ടറി,
   വ്യവസായ വകുപ്പ്.
3. ശ്രീ.ഈപ്പൻ ജോസഫ്,
   മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ
   ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.
   (2003 മുതൽ 2006 ഏപ്രിൽ വരെ)
4. ശ്രീ. രമേശ് ചെന്നിത്തല.
   മുൻ കെ.പി.സി.സി. പ്രസിഡന്റ്.
5. ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്,
   മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി.
6. ശ്രീ.രാജീവൻ.
   പ്രൊപ്രൈറ്റർ, M/s. Green Tex
   Enterprises
   (M/s.ചെമറ്റർ ഇക്കോ പ്ലാനിംഗ്
   ഫിൻലാന്റിന്റെ പ്രതിനിധി)
7. ശ്രീ.എം.ഗംഗാധരൻ,
   റിട്ട.പ്രോജക്ട്സ് മാനേജർ.
8. ശ്രീ.കെ.ബാബു,
   ജനറൽ മാനേജർ. M/s. മെക്കോൺ
   ഇന്ത്യ ലിമിറ്റഡ്.
9. ശ്രീ.എ,സുജനപാൽ,
   മുൻ ആരോഗ്യവും പരിസ്ഥിതിയും
   വകുപ്പ് മന്ത്രി.
10. M/s.ചെമറ്റർ ഇക്കോ പ്ലാനിംഗ്,
    ഫിൻലാന്റ്.

കോൺട്രാക്ടിന് വിരുദ്ധമായി നിലവാരം കുറഞ്ഞ ഇൽമനൈറ്റ് ഉയർന്ന നിരക്കിൽ

ഇറക്കമതി ചെയ്യതുമായി ബന്ധപ്പെട്ട് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് 2.21 കോടി രൂപ നഷ്ടമുണ്ടായത് സംബന്ധിച്ച് ശ്രീ.മധുകുമാർ, കളക്ടർ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി.993 2013 പ്രകാരം വിജിലൻസ് അന്വേഷണത്തിൽ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ വി.സി.6/2015/എസ്.ഐ.യു -I നമ്പർ പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

1. ശ്രീ.ഷിഹാബുദീൻ,
   എക്സിക്യൂട്ടീവ് ഡയറക്ടർ, ട്രാവൻകൂർ
   ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.
2. ശ്രീ. അനിൽ കുമാർ,
   ഡെപ്യൂട്ടി മാനേജർ, ട്രാവൻകൂർ
   ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.
3. ശ്രീ.വി.മുരളീധരൻ നായർ,
   മുൻ മാനേജിംഗ് ഡയറക്ടർ,ട്രാവൻകൂർ
   ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

## പാമോലിൻ കേസ്

18.06.1996-ലെ സർക്കാർ കത്ത് നമ്പർ 3890/ബി1/1996/വിജി. പ്രകാരമാണ് പാമോലിൻ ഇറക്കുമതി ചെയ്തതിൽ അഴിമതി നടന്നുവെന്ന ആരോപണത്തിൻമേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2) r/w 13(1) (ഡി) വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 120(ബി) വകുപ്പ് പ്രകാരവും വി.സി.01/1997/എസ്.സി.റ്റി നമ്പരിൽ 21.03.1997-ൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസ് രജിസ്റ്റർ ചെയ്തതിന് കോടതി നിർദ്ദേശം ഉണ്ടായിരുന്നില്ല. മാത്രമല്ല, ഈ കേസിൽ

ആർക്കുമെതിരെ വിജിലൻസ് കോടതിയിൽ പരാതി ഉണ്ടായിട്ടില്ല. സി.സി.108/2011 നമ്പരായി തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണ നടന്നു വരുന്ന പാമോലിൻ കേസ് (വി.സി. 01/1997/എസ്.സി.റ്റി) തിരുവനന്തപുരം വിജിലൻസ് കോടതിയി ലേക്ക് മാറ്റാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇക്കാര്യം തൃശ്ശൂർ കോടതിയുടെ പരിഗണനയിലാണ്.

1. ശ്രീ.കെ.കരുണാകരൻ (Abated)
   മുൻ മുഖ്യമന്ത്രി.
2. ശ്രീ.റ്റി.എച്ച്.മുസ്തഫ
   മുൻ ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രി.
3. ശ്രീ.എസ്.പത്മകുമാർ.ഐ.എ.എസ് (Abated)
   മുൻ ചീഫ് സെക്രട്ടറി, കേരള സർക്കാർ.
4. ശ്രീ.സക്കറിയ മാത്യു.ഐ.എ.എസ് . (Abated)
   മുൻ അഡീ. ചീഫ് സെക്രട്ടറിയും കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ
5. ശ്രീ. ജിജി തോംസൺ,
   മുൻ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ.
6. ശ്രീ.ശിവരാമകൃഷ്ണൻ
   (M/s.പവർ & എനർജി പ്രൈവറ്റ് ലിമിറ്റഡ്, സിംഗപ്പൂർ)
7. ശ്രീ.ശിവദാസൻ,
   M/s.മാള ട്രെയ്ഡിംഗ് കോർപ്പറേഷൻ. മദ്രാസ്
8. ശ്രീ.പി.ജെ.തോമസ്സ്.ഐ.എ.എസ്സ്.
   മുൻ ഭക്ഷ്യസിവിൽ സപ്ളൈസ് വകുപ്പ് സെക്രട്ടറി

സെക്ഷൻ ഓഫീസർ